## ക്രമപ്രശ്നം

### പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, റൂൾ 64-ന് ഡിബേറ്റില്ല. അത് മാൻഡേറ്ററിയാണ്. ചട്ടപ്രകാരം വ്യക്തിപരമായ എക്സ്പ്ലനേഷൻ പിന്നീട് എഴുതിക്കൊടുക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ എഴുതിത്തരാം.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി അങ്ങ് കൊടുത്തുകഴിഞ്ഞു. അതിനുമുമ്പ് ക്രമപ്രശ്നം ഉന്നയിക്കാൻ ഞാൻ എഴുതിത്തന്നിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ ബിസിനസ് കഴിഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇല്ല. ഈ ബിസിനസ് കഴിഞ്ഞേയുള്ളൂ.

മി. സ്പീക്കർ: ക്രമപ്രശ്നം ഉന്നയിക്കാനുള്ള അനുവാദം കൊടുക്കാനുള്ള അവസരമെങ്കിലും ചെയറിന് നൽകണം; അത് ചെയർ തീരുമാനിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, ഏതവസരത്തിലും ക്രമപ്രശ്നം ഉന്നയിക്കാനുള്ള അധികാരം എനിക്കുണ്ട്. ക്രമപ്രശ്നം ഉന്നയിക്കാനുള്ള അധികാരം നിഷേധിക്കാൻ ബഹുമാനപ്പെട്ട സഭയക്ക് കഴിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടുത്ത സബ്ജക്ട് എടുത്തുകഴിഞ്ഞു.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ബിസിനസ് കഴിഞ്ഞ് അടുത്തതിലേയ്ക്ക് പോകുന്നതിനുമുമ്പാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടത്.

മി. സ്പീക്കർ: പ്ലീസ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ഇരിക്കൂ. ശ്രീ. എ. കെ. ബാലൻ, അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.

ശ്രീ. എ. കെ. ബാലൻ: റൂൾ 64 കഴിഞ്ഞ് അടുത്തതിലേയ്ക്ക് പോകുന്നതിനുമുമ്പാണ് ഞാൻ റൂൾ 307 invoke ചെയ്യുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തലയും ബി.ജെ.പി. നേതാക്കളായ ശ്രീ. വി. മുരളീധരനും ശ്രീ. കെ. സുരേന്ദ്രനും 8-10-2016-ന് വിജിലൻസ് ഡയറക്ടർക്ക് കത്ത് കൊടുത്തിരുന്നു. പ്രാഥമികമായ അന്വേഷണം നടത്തി എഫ്.ഐ.ആർ കൊടുക്കണമെന്നാണ് ആ കത്തിൽ ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്താനുള്ള വിജിലൻസ് ഡയറക്ടറുടെ തീരുമാനം

സംശയത്തിന്റെ മുന മുഖ്യമന്ത്രിയിലേക്ക് നീങ്ങാൻ വഴിതെളിയിക്കുന്നുവെന്നും ഈ അസാധാരണമായ സ്ഥിതിവിശേഷം സഭാനടപടി നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമാണ് അടിയന്തരപ്രമേയ നോട്ടീസിൽ കൊടുത്തിരിക്കുന്നത്. ഇവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ക്വിക്ക് വെരിഫിക്കേഷൻ തുടങ്ങിക്കഴിഞ്ഞു. റൂൾ 52(v) പ്രകാരം 'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും...' എന്ന് പറയുന്നുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പ്രമേയത്തിന് അനുവാദം നൽകുന്നത് ചട്ടപ്രകാരമല്ല. 12 ലക്ഷംവരുന്ന റബ്ബർ കൃഷിക്കാരുടെ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ശ്രീ. കെ. എം. മാണിയുടെ പ്രമേയത്തിനപ്പുറം സംശയത്തിന്റെ ആനുകൂല്യം നൽകി അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്ന അടിയന്തരപ്രമേയം എങ്ങനെയാണ് റൂൾ 50 പ്രകാരം invoke ചെയ്യുന്നത്. ഇതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച ക്രമപ്രശ്നം, റൂൾ 50 പ്രകാരമുള്ള നോട്ടീസിന്റെ വിശദീകരണത്തിൽ സംശയത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് പറയുന്നത് ആശാസ്യമല്ല എന്ന അഭിപ്രായം തന്നെയാണ് ചെയറിനുമുള്ളത്. കാരണം, റൂൾ 52 പ്രകാരമുള്ള വിശദീകരണ കുറിപ്പിലാണ് അദ്ദേഹം അതെഴുതിത്തന്നിട്ടുള്ളത്. റൂൾ 52(v)-ൽ പറയുന്ന 'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു;' എന്നത് ബഹുമാനപ്പെട്ട നോട്ടീസ് നൽകിയ അംഗങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. എന്നിരുന്നാലും നിലവിലുണ്ടായിട്ടുള്ള പൊതുവായ കാര്യങ്ങളെ സംബന്ധിച്ച് നോട്ടീസിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്.